E-mail : keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Tel.Phone No. 0471 2330726, 2331891, 2331992
Fax : 0471-2331513

നമ്പർ. പി.റ്റി(1) 39919/16 സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 18.10.2016

**സർക്കുലർ നമ്പർ.39/2016**

വിഷയം: സഹകരണ വകുപ്പ് - സർക്കിൾ സഹകരണ യൂണിയനുകളുടെ പ്രവർത്തനം വിലയിരുത്തുന്നത് സംബന്ധിച്ച്

സൂചന : കേരള സഹകരണ നിയമം വകുപ്പ് .88, ചട്ടം 139

സംസ്ഥാനത്തെ സർക്കിൾ സഹകരണ യൂണിയനുകളുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിന്റെയും ചിട്ടപ്പെടുത്തുന്നതിന്റെയും ഭാഗമായി ഓരോ സർക്കിൾ സഹകരണ യൂണിയനുകളുടെയും പ്രവർത്തനം വിലയിരുത്തുന്നതിനുള്ള നടപടി കൈക്കൊള്ളേണ്ടത് അനിവാര്യ ഘടകമായി തീർന്നിരിക്കുന്ന സാഹചര്യത്തിൽ ഓരോ സർക്കിൾ യൂണിയൻ സെക്രട്ടറിമാരും തങ്ങളുടെ ചുമതല യിലുള്ള യൂണിയനുകളുടെ അക്കൗണ്ടുകൾ കൃത്യമായി പൂർത്തിയാക്കി ആഡിറ്റ് ചെയ്ത് സൂക്ഷിക്കുന്നതിനും ആഡിറ്റ് സർട്ടിഫിക്കറ്റ് നൽകുന്നതിനും ചുമതലപ്പെട്ടവരാണ്. എന്നാൽ വളരെയധികം സർക്കിൾ സഹകരണ യൂണിയനുക ളിൽ ആഡിറ്റ് കുടിശ്ശിക ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ താഴെപ്പറ യുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. കുടിശ്ശികയായിട്ടുള്ള സർക്കിൾ യൂണിയനുകളുടെ ആഡിറ്റ് പൂർത്തിയാക്കി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അടിയന്തിര നടപടികൾ സഹകരണ ആഡിറ്റ് ഡയറക്ടർ സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച നടപടികൾ, പുരോഗതി എന്നിവ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.
2. ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ, സർക്കിൾ സഹകരണ യൂണിയൻ സെക്രട്ടറി മാർ, അഡ്മിസ്ട്രേറ്റർമാർ എന്നിവരുടെ പ്രത്യേക യോഗം വിളിച്ച് പ്രവർത്തനം വിലയിരുത്തേണ്ടതും സമയബന്ധിതമായി ആഡിറ്റ് പൂർത്തിയാക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.
3. 31.03.2016 വരെയുള്ള ആഡിറ്റ് പൂർത്തിയാക്കി ആഡിറ്റ് സർട്ടിഫിക്കേറ്റ് വിതരണം ചെയ്തു എന്ന് ആഡിറ്റ് ഡയറക്ടർമാർ, ജോയിന്റ് ഡയറക്ടർ എന്നിവർ ഉറപ്പാക്കേണ്ടതും, അക്കാര്യം സഹകരണ സംഘം രജിസ്ട്രാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

4. ആഡിറ്റ് പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കാത്ത സർക്കിൾ യൂണിയൻ സെക്രട്ടറിമാർ/സർക്കിൾതല ആഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർമാർ എന്നിവരുടെ പേരുകൾ രജിസ്ട്രാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

5. സഹകരണ ആഡിറ്റ് ഡയറക്ടർ, ജോയിന്റ് ഡയറക്ടർമാർ നടത്തുന്ന പ്രതി മാസ ആഡിറ്റ് അവലോകനയോഗങ്ങളിൽ സർക്കിൾ സഹകരണ യൂണിയനുകളുടെ ആഡിറ്റ് പുരോഗതി വിലയിരുത്തേണ്ടതും അക്കാര്യം മിനിട്സിൽ രേഖപ്പെടുത്തേണ്ടതും, വീഴ്ചകൾ രജിസ്ട്രാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

6. സംസ്ഥാന സഹകരണ യൂണിയന്റേയും 62 സർക്കിൾ സഹകരണ യൂണിയനുകളുടെയും 31.03.2016 വരെയുള്ള ആഡിറ്റ് പൂർത്തിയാക്കി സർട്ടിഫിക്കേറ്റ് നൽകിയെന്നുറപ്പുവരുത്തേണ്ടതും അക്കാര്യം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

7. നിയമവ്യവസ്ഥ ലംഘിച്ച് ദീർഘകാലമായി ആഡിറ്റ് നടത്താത്ത സർക്കിൾ യൂണിയനുകളുടെ കാര്യത്തിൽ ആയതിന് ഉത്തരവാദികളായ അസിസ്റ്റന്റ് രജിസ്ട്രാർ/സെക്രട്ടറിമാരുടെ പേരുവിവരം ജോയിന്റ് രജിസ്ട്രാർമാർ 15 ദിവസത്തിനകം സഹകരണ സംഘം രജിസ്ട്രാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

8. ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ, ജോയിന്റ് ഡയറക്ടർ എന്നിവർ കൂടിയാലോചിച്ച് തങ്ങളുടെ ജില്ലയിലെ സർക്കിൾ യൂണിയനുകളുടെ ആഡിറ്റ് കാലികമാക്കുന്നതിനുള്ള വ്യക്തമായ രൂപരേഖ തയ്യാറാക്കേണ്ടതും ആയത് കൃത്യമായി മോണിറ്റർ ചെയ്യേണ്ടതുമാണ്.

ഒപ്പ്

എസ്.ലളിതാംബിക ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:

1. അഡീഷണൽ രജിസ്ട്രാർ/സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ
2. ആഡിറ്റ് ഡയറക്ടർ, ആഡിറ്റ് ഡയറക്ടറേറ്റ്,തിരുവനന്തപുരം
3. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും
4. എല്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും
5. എല്ലാ സർക്കിൾ സഹകരണയൂണിയൻ സെക്രട്ടറിമാർക്കും(ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖാന്തിരം)
6. സഹകരണ സംഘം രജിസ്ട്രാർടെ മേശപ്പുറത്ത്
7. അഡീഷണൽ രജിസ്ട്രാറുടെ മേശപ്പുറത്ത്
8. സ്റ്റോക്ക് ഫയൽ

//ആജ്ഞാനുസരണം//

Girijamony V

അസിസ്റ്റന്റ് രജിസ്ട്രാർ(എസ്.സി.റ്റി/പി.റ്റി